എനർജി മാനേജ്മെന്റ്
സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 2, ലക്കം 07 | 2021 ഡിസംബർ 05




## ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരണത്തിന് പൊതുജന പിന്തുണ അനിവാര്യം: ബഹു. ഗതാഗത വകുപ്പ് മന്ത്രി

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരണത്തിന് പൊതുജനങ്ങളുടെ പിന്തുണ അനിവാര്യമെന്ന് ബഹു. ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു. ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരണത്തിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും, സംസ്ഥാനത്ത് മുഴുവനായി ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾ സ്ഥപിക്കുമെന്നും മന്ത്രി പറഞ്ഞു. എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ദേശീയ ഊർജ സംരക്ഷണ പക്ഷാചരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം 2021 ഡിസംബർ ഒന്നിന് നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വെള്ളയമ്പലത്തെ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഹാളിൽ നടന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ – സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അധ്യക്ഷത വഹിച്ചു. ആഗോള താപന ഭീക്ഷണി അതീവ ഗുരുതരമായി തുടരുന്ന കാലത്ത് നാളെയുടെ ഭാവി ഇലക്ട്രിക് വാഹനങ്ങളിൽ ആയിരിക്കുമെന്ന് മന്ത്രി പറഞ്ഞു.

പക്ഷാചരണ പരിപാടിയുടെ ഉദ്ഘാടന ചടങ്ങിനോട് അനുബന്ധിച്ച് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സഹകരണത്തോടെ ലൈബ്രറി പ്രവർത്തകർക്കായി ഊർജ സംരക്ഷണ ബോധവൽക്കരണ സെമിനാറും സംഘടിപ്പിച്ചു. ദേശിയ ഊർജ്ജസംരക്ഷണ ദിനമായ ഡിസംബർ 14 നോട് അനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

കെ.എസ്.ഇ.ബി.എൽ ചെയർമാൻ, ഡോ. ബി.  അശോക് ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തി, ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.കെ മധു, ചീഫ് ഇലക്ട്രിക്കൽ ഇൻസ്‌പെക്ടർ വി. സി അനിൽകുമാർ, ഇ.എം.സി ജോയിന്റ് ഡയറക്ടർ ദിനേശ് കുമാർ എ.എൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## ഹോം എനർജി ഓഡിറ്റ് ദേശീയ തലത്തിലേക്ക്

എനർജി മാനേജ്മെന്റ് സെന്റർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്ന ഹോം എനർജി ഓഡിറ്റ് സർട്ടിഫിക്കേറ്റ് കോഴ്സ് ദേശീയ തലത്തിൽ നടപ്പിലാക്കാൻ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി തീരുമാനിച്ചു. ദേശീയതലത്തിൽ പരിപാടി നടത്തുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹായം അവശ്യപ്പെട്ടിട്ടുണ്ട്.

ഇതിന്റെ ഭാഗമായി എല്ലാ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസികൾക്കും വേണ്ടി ബ്യൂറോ




ഓഫ് എനർജി എഫിഷ്യൻസി (ബിഇഇ) വെബിനാർ സംഘടിപ്പിച്ചു. വെബിനാറിൽ സെക്രട്ടറി, ബിഇഇ, ബിഇഇയിലേയും മറ്റു സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസികളിലേയും ഉദ്യോഗസ്ഥരും പങ്കെടുത്തു.

ഡോ. ആർ ഹരികുമാർ (ഡയറക്ടർ, ഇഎംസി), ശ്രീ. ജോൺസൻ ഡാനിയേൽ (ഹെഡ്, NMEEE & DSM ഡിവിഷൻ) എന്നിവർ ഹോം എനർജി ഓഡിറ്റ് സംബന്ധിച്ച വിശദ വിവരങ്ങൾ വെബിനാറിൽ അവതരിപ്പിച്ചു.

# ദേശീയ ചിത്രരചനാ മത്സരം 2021 ഡിസംബർ 5ന്

ദേശീയ ഊർജ്ജ സംരക്ഷണ ദിനത്തോട് അനുബന്ധിച്ചുള്ള പെയിന്റിംഗ് മത്സരം 2021 ഡിസംബർ 5 ന് നടക്കും. വിദ്യാർഥികൾക്കിടയിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഊർജ്ജ മന്ത്രാലയവും ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയും ചേർന്ന് എല്ലാ വർഷവും മത്സരം സംഘടിപ്പിക്കാറുണ്ട്. കേരളത്തിൽ, എൻ.ടി.പി.സി കായംകുളം, എനർജി മാനേജ്മെന്റ് സെന്റർ, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവർ സംയുക്തമായിട്ടാണ് ഈ മത്സരം സംഘടിപ്പിക്കുന്നത്. ഡിസംബർ 5ന് കേരളത്തിലെ 41 വിദ്യാഭ്യാസ ജില്ലകളിലെ 41 കേന്ദ്രങ്ങളിൽ വെച്ച് മത്സരം സംഘടിപ്പിക്കും. UP, HS വിഭാഗങ്ങൾക്ക് പ്രത്യേകമായായാകും മത്സരം. ഈ വർഷം "Energy Efficient India", "Cleaner Planet" എന്നീ വിഷയങ്ങളാണ് കുട്ടികൾക്ക് മത്സരത്തിനായി നൽകിയിട്ടുള്ളത്. സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന കുട്ടിക്ക് 50000 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 30000 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 20000 രൂപയും കൂടാതെ 10 പേർക്ക് പ്രോത്സാഹന സമ്മാനമായി 7500 രൂപാ വീതവും ഓരോ വിഭാഗത്തിനും ലഭിക്കും. ദേശീയ തലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന കുട്ടിക്ക് 1,00,000 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 50,000 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 30,000 രൂപയും കൂടാതെ 10 പേർക്ക് പ്രോത്സാഹന സമ്മാനമായി 15,000 രൂപാ വീതവും ഓരോ വിഭാഗത്തിനും ലഭിക്കും.



# കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ അവാർഡ്

## പ്രാഥമിക അവലോകനം നടന്നു

കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡിന്റെ പ്രധമിക അവലോകനം നവംബർ 23,24 തീയതികളിൽ ഇഎംസിയിൽ വച്ച നടന്നു. അപേക്ഷകരിൽ നിന്നും തിരഞ്ഞെടുത്തവർ അന്നേദിവസം ജഡ്ജിംഗ് പാനലിനു മുന്നിൽ അവതരണം നടത്തി. എല്ലാ വിഭാഗങ്ങളിൽ നിന്നുമായി 78 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവാർഡ് ദാന ചടങ്ങ് ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14 ന് നടക്കും.






# വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകളിൽ ഊർജ്ജ ഓഡിറ്റ് പൂർത്തിയായി

കേരള വാട്ടർ അതോറിറ്റി നിർദ്ദേശിച്ച കേരളത്തിലെ 16 പമ്പിംഗ് സ്റ്റേഷനുകളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തിയായി കരട് റിപ്പോടർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിൻമേലുള്ള പ്രസന്റേഷൻ ഡിസംബർ 3,4 തീയതികളിൽ നടത്തുകയുണ്ടായി.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256





# വ്യവസായ ക്ലസ്റ്ററുകളിലെ ഊർജ്ജകാര്യക്ഷമതാ ശിൽപശാലകൾ ആരംഭിച്ചു

എനർജി മാനേജ്മെന്റ് സെന്റർ സിൽവർ ജൂബിലിയുടെ ഭാഗമായി കേരളത്തിലെ വ്യവസായിക ക്ലസ്റ്ററുകൾ കേന്ദ്രീകരിച്ച് നടത്തുന്ന ഊർജ്ജകാര്യക്ഷമത ശിൽപശാലകൾ പുരോഗമിക്കുന്നു. എനർജി മാനേജ്മെന്റ് സെന്ററും ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആന്റ് ഇന്റസ്ട്രിയുമായി (FICCI) ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്.

പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 നവംബർ 17 ന് കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ ഡെവലപ്മെന്റ് കൗൺസിൽ ചെയർമാൻ ശ്രീ പോൾ ആന്റണി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തെതുടർന്ന് റൈസ് മിൽ ക്ലസ്റ്ററിനുവേണ്ടിയുള്ള ഊർജ്ജകാര്യക്ഷമത ശിൽപശാല നടന്നു.

ഉദ്ഘാടന സമ്മേളനത്തിൽ ഡോ. ആർ ഹരികുമാർ (ഡയറക്ടർ, ഇഎംസി) അദ്ധ്യക്ഷത വഹിച്ചു, ശ്രീ. ദീപക് എൽ അസ്വാനി (കോ ചെയർ, FICCI) സ്വാഗതവും, ശ്രീ. വർക്കി പീറ്റർ (ജനറൽ സെക്രട്ടറി, കേരള റൈസ് മിൽസ് അസോസിയേഷൻ) ആശംസയും, ശ്രീ. എം എൻ ഗിരീഷ് (ഡയറക്ടർ, റിസോഴ്സ് കൺസർവേഷൻ ആന്റ് മാനേജ്മെന്റ്, FICCI) നന്ദിയും പറഞ്ഞു.

പരിപാടിയുടെ ഭാഗമായി പ്ലൈവുഡ് ക്ലസ്റ്ററിനുവേണ്ടി മൂവാറ്റുപുഴയിൽ 18/11/2021 നും, ഫർണിച്ചർ ക്ലസ്റ്ററിനുവേണ്ടി തൃശ്ശൂരിൽ 23/11/2021 നും, പ്ലാസ്റ്റിക് മാനുഫാക്ചറിംഗ് ക്ലസ്റ്ററിനുവേണ്ടി 24/11/2021 ന് ആലുവായിൽ വച്ചും ശിൽപശാലകൾ സംഘടിപ്പിച്ചു (ചിത്രങ്ങൾ പേജ് 4 ൽ).




# വ്യവസായ പാർക്കുകളിലെ ഊർജ്ജകാര്യക്ഷമതാ ശിൽപശാല പുരോഗമിക്കുന്നു

കേരളത്തിലെ വ്യവസായ പാർക്കുകൾ കേന്ദ്രീകരിച്ച് നടത്തുന്ന ഊർജ്ജകാര്യക്ഷമതാ ശിൽപശാല പുരോഗമിക്കുന്നു. എനർജി മാനേജ്മെന്റ് സെന്ററും കേരള സ്റ്റേറ്റ് പ്രോഡക്ടിവിറ്റി കൗൺസിലും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

നവംബർ മാസത്തിൽ ഒല്ലൂർ ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, കാക്കൻചേരി കിൻഫ്ര ഇന്റസ്ട്രിയൽ പാർക്ക്, ചേർത്തല ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, ഏറ്റുമാനൂർ ഇന്റസ്ട്രിയൽ എസ്റ്റേറ്റ് എന്നിനവിടങ്ങളിൽ ശിൽപശാല സംഘടിപ്പിച്ചു. ഇതോടൊപ്പം വൈകുന്നേര പരിപാടിയായി കളമശ്ശേരി ഇന്റസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയയിലെ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് സ്റ്റാഫുകൾക്കായുള്ള ശിൽപശാലയും സംഘടിപ്പിച്ചു.




# വ്യവസായ ക്ലസ്റ്ററുകളിലെ ഊർജ്ജകാര്യക്ഷമതാ ശിൽപശാല

മൂവാറ്റുപുഴയിൽ വച്ച നടന്ന ശിൽപശാല ശ്രീ. ബിജു പി. എബ്രഹം, ജനറൽ മാനേജർ ഡിഐസി എറണാകുളം ഉദ്ഘാടനം ചെയ്യുന്നു




തൃശ്ശൂരിൽ വച്ച നടന്ന ശിൽപശാല ഡോ. കൃപകുമാർ കെ എസ്, ജനറൽ മാനേജർ ഡിഐസി തൃശ്ശൂർ ഉദ്ഘാടനം ചെയ്യുന്നു




ആലുവായിൽ വച്ച നടന്ന ശിൽപശാല ശ്രീമതി ഷീബ എസ് ഡെപ്യൂട്ടി ഡയറക്ടർ, ഡിഐസി എറണാകുളം ഉദ്ഘാടനം ചെയ്യുന്നു

# വ്യവസായ പാർക്കുകളിലെ ഊർജ്ജകാര്യക്ഷമതാ ശിൽപശാല




ഒല്ലൂർ ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ വച്ചനടന്ന ശിൽപശാല




ചേർത്തല ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ വച്ചനടന്ന ശിൽപശാല




ഏറ്റുമാനൂർ ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ വച്ചനടന്ന ശിൽപശാല